കേരള സർക്കാർ

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

നം.205/ഇ 2/16/പജപവവിവ

തിരുവനന്തപുരം
തീയതി : 05.11.2016

### പരിപത്രം

വിഷയം : പജപവവിവ – കീഴാളർ എന്ന പദം ഉപയോഗിക്കുന്നതിൽ നിരോധനം - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. 26.11.2012-ലെ 27050/ഇ 2/12/പജപവവിവ നമ്പർ സർക്കുലർ.
2. പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ 09.06.2016-ലെ 1298/ബി3/16/കെ.എൽ.എം/കെ.എസ്.സി.എസ്.സി &എസ്.ടി നമ്പർ ഉത്തരവ്.
3. 19.07.2016-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഡെവ.ബി3-19758/16 നമ്പർ കത്ത്.

ഹരിജൻ, ഗിരിജൻ, ദളിത് എന്നീ പദങ്ങൾ ഭരണഘടനാ വിരുദ്ധമായതിനാൽ അത്തരം പദങ്ങൾക്ക് പകരം എല്ലാ കത്തിടപാടുകളിലും പ്രസിദ്ധീകരണങ്ങളിലും പട്ടികജാതി പട്ടികഗോത്രവർഗ്ഗം എന്ന പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും ആയത് ഉറപ്പുവരുത്തണമെന്നും എല്ലാ സർക്കാർ വകുപ്പുതലവൻമാർക്കും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും സൂചന ഒന്നിലെ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു.

കീഴാളർ എന്ന പദപ്രയോഗം ഒരു ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം അപകർഷതാ ബോധം ജനിപ്പിക്കുന്നതാണെന്നും ആയത് നിരോധിക്കണമെന്നും ആവശ്യപ്പെട്ട് പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ ലഭിച്ച പരാതിയിൽ 'കീഴാളർ' ഒരു ജാതിയോ ജാതിപ്പേരോ അല്ലായെന്നും ഹരിജൻ, ഗിരിജൻ എന്നീ പദപ്രയോഗം നിരോധിച്ച അതേ മാനദണ്ഡം ഉപയോഗിച്ച് ഒരു വിഭാഗം ജനതയിൽ അപകർഷതാബോധം ജനിപ്പിക്കുന്ന കീഴാളർ എന്ന പദപ്രയോഗം നിരോധിക്കുന്നതിന് ശുപാർശ സർക്കാരിന് നൽകാൻ സൂചന രണ്ടിലെ ഉത്തരവിൻ പ്രകാരം പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ ചെയർമാൻ നിർദ്ദേശം നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ "കീഴാളർ" ഒരു ജാതിയോ ജാതിപ്പേരോ അല്ലാത്തതിനാൽ ഒരു വിഭാഗം ജനങ്ങളിൽ അപകർഷതാബോധം ജനിപ്പിക്കുന്ന

"കീഴാളര്‍" എന്ന പദം ഉപയോഗിക്കാന്‍ പാടില്ലായെന്ന് നിര്‍ദ്ദേശിക്കുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്‍മാരും അവരവരുടെ കീഴിലുള്ള ബന്ധപ്പെട്ട എല്ലാ ആഫീസര്‍മാര്‍ക്കും പ്രസ്തുത നിര്‍ദ്ദേശം നല്‍കാന്‍ അഭ്യര്‍ത്ഥിക്കുന്നു. ഭാവിയിലെ എല്ലാ കത്തിടപാടുകളിലും പ്രസിദ്ധീകരണങ്ങളിലും "കീഴാളര്‍" എന്ന പദപ്രയോഗം ഒഴിവാക്കണമെന്നും പകരം പട്ടികജാതി പട്ടികഗോത്രവര്‍ഗ്ഗം എന്നീ പദങ്ങള്‍ മാത്രമേ ഉപയോഗിക്കാന്‍ പാടുള്ളു എന്നും നിര്‍ദ്ദേശിക്കുന്നു.

**ഡോ. വേണു. വി**
**പ്രിന്‍സിപ്പല്‍ സെക്രട്ടറി**

1. എല്ലാ അഡീഷണല്‍ ചീഫ് സെക്രട്ടറിമാര്‍ക്കും, പ്രിന്‍സിപ്പല്‍ സെക്രട്ടറിമാര്‍ക്കും, സെക്രട്ടറിമാര്‍ക്കും, സ്പെഷ്യല്‍ സെക്രട്ടറിമാര്‍ക്കും
2. എല്ലാ വകുപ്പ് മേധാവികള്‍ക്കും
3. പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകള്‍ക്കും, അര്‍ദ്ധ സര്‍ക്കാര്‍ സ്ഥാപനങ്ങളുടെ മേധാവികള്‍ക്കും
4. എല്ലാ ജില്ലാ കളക്ടര്‍മാര്‍ക്കും
5. സെക്രട്ടറി, കേരള പബ്ലിക് സര്‍വ്വീസ് കമ്മീഷന്‍ (ആമുഖ കത്ത് സഹിതം)
6. സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
7. രജിസ്ട്രാര്‍, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം)
8. സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉള്‍പ്പെടെ എല്ലാ വകുപ്പുകള്‍ക്കും, എല്ലാ സെക്ഷനുകള്‍ക്കും
9. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആര്‍ II)വകുപ്പ് (വെബ്സൈറ്റില്‍ ഉള്‍പ്പെടുത്തുന്നതിന്)
10. വിവര പൊതുജന സമ്പര്‍ക്ക (വെബ് &ന്യൂമീഡിയ) വകുപ്പ് (സര്‍ക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റില്‍ ഉള്‍പ്പെടുത്തുന്നതിന്.
11. കരുതല്‍ ഫയല്‍/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷന്‍

ഉത്തരവിന്‍ പ്രകാരം

സെക്ഷന്‍ ഓഫീസര്‍

മേലെഴുത്ത് കത്ത് നം. ബി2-1053/2015/ഡി.ഐ.എം.എസ് തീയതി- 07-02-2017.

പരിപത്രത്തിന്റെ പകര്‍പ്പ് അറിവിലേക്കായി നല്‍കുന്നു.

ഇന്‍ഷുറന്‍സ് മെഡിക്കല്‍ സര്‍വ്വീസസ് ഡയറക്ടര്‍ക്കുവേണ്ടി

സ്വീകര്‍ത്താവ്

1) റീജിയണല്‍ ഡെപ്യൂട്ടി ഡയറക്ടര്‍മാര്‍
2) ആശുപത്രി സൂപ്രണ്ടുമാര്‍
3) ഡെപ്യൂട്ടി ഡയറക്ടര്‍ (ആയുര്‍വ്വേദ /ഹോമിയോ)
4) ഇ.എസ്.ഐ.ഡിസ്പെന്‍സറി സ്ഥാപന മേധാവികള്‍.
5) സെക്ഷന്‍ സൂപ്രണ്ടുമാര്‍ /സെക്ഷനുകള്‍/e-gov.
6) ഫയല്‍/ സ്റ്റോക്ക് ഫയല്‍.

എസ്.എസ്/